# നാടിന്റ മക്കൾ

തമ്പിആന്റെണിതെക്കേക്കുറ്റ്

കാടുകേറുന്നവർ
നാടുകേറുന്നവർ
കാലുമാറുന്നവർ
കട്ടും മുടിപ്പിച്ചും
മൂടിപുതച്ചിരിക്കുന്നു

കൂടൊന്നുകൂട്ടുവാൻ
പാടുപെടുന്നവർ
പാടംനികത്തുന്നു
മാടങ്ങൾ തകർക്കുന്നു

നാടാകെഉണരുവിൻ
പാടങ്ങൾകൊയ്യുവിൻ
എന്നുപാടുന്നവർ
നാടാകെഓടുന്നു
കാടാകെ തിരയുന്നു
കാണാത്ത നിധികളെ
കാണാതെ അലയുന്നു

മന്ത്രിയും തന്ത്രിയും
മനുഷ്യദൈവങ്ങളും
ഗോഡ്സ്ഓൺ കന്ട്രിയോ ?
ഡെവിൾസ്ഓൺ കന്ട്രിയോ ?
എന്നൊന്നുമറിയാതെ
വട്ടംതിരിയുന്നു
നെട്ടോട്ടമോടുന്നു

കൂടൊരുക്കുന്നവൻ
കുടെക്കുടിക്കുന്നവൻ
കൂടെനടക്കുന്നു
കൂടിഭരിക്കുന്നു

നാടിനേമറക്കുന്ന
നാടിന്റെമക്കൾ
കാടിന്റെമക്കളായി
നാടൊന്നുമറിയാതെ
നാടുഭരിക്കുന്നു
നാടുമുടിക്കുന്നു